# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയുടെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 37,394/- (മുപ്പത്തി ഏഴായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ (സാധാ)നം. 1982/19/തസ്വഭവ. തിരുവനന്തപുരം, തീയതി: 16/09/2019**

---

**പരാമർശം:**- 1) നഗരകാര്യ ഡയറക്ടറുടെ 26/03/2018-ലെ എഫ് 2- 225/2018 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 15/07/2019 ലെ ഡി കെ എസ് എ 2093/ എം എൽ 3/2019 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയുടെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തലശ്ശേരി നഗരസഭയിൽ ദിവസ വേതന വ്യവസ്ഥയിൽ ജോലി നോക്കി വരുന്ന ജീവനക്കാർക്ക് ഇ പി എഫ് ആനുകൂല്യമായി 37,394/- രൂപ ഒടുക്കിയത് തടസ്സപ്പെടുത്തിയിരുന്നു. തലശ്ശേരി നഗരസഭയിൽ ദിവസ വേതന വ്യവസ്ഥയിൽ ജോലി നോക്കി വരുന്ന ജീവനക്കാർക്ക് ഇ പി എഫ് ആനുകൂല്യം 2011 മുതൽ ബാധകമാണെങ്കിലും നഗരസഭയുടെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ 2015 മുതലാണ് പിഴയും പലിശയും ചേർത്ത് 37,394/- രൂപ നഗരകാര്യസഭ കൗൺസിലിന്റെ 16/08/2016 ലെ 26-ാം നമ്പർ തീരുമാന പ്രകാരം ഒടുക്കിയത്. ഇപ്രകാരം പിഴയും പലിശയും ചേർത്ത് 37,394/- രൂപ ഒടുക്കിയതിനാണ് ഓഡിറ്റ് തടസ്സവാദം ഉന്നയിച്ചത്.

**2.** സാമ്പത്തിക പ്രയാസം നിലനിന്ന സാഹചര്യത്തിൽ ഭരണാധികാരികൾ നിർദ്ദേശിച്ച പ്രകാരം പ്രവർത്തിച്ചു എന്നല്ലാതെ ജീവനക്കാരുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടില്ലെന്നും ആയതിനാൽ ടി തടസ്സവാദം ഒഴിവാക്കുന്നതിനായി സർക്കാർ സാധൂകരണം ലഭിക്കുന്നതിലേയ്ക്കായി 21/10/2017 ലെ 27-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം തലശ്ശേരി നഗരസഭാ സെക്രട്ടറി അപേക്ഷിച്ചിട്ടുള്ളതായും നഗരകാര്യ ഡയറക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

3. നഗരസഭയുടെ ധനസ്ഥിതി മോശമായതിനാലാണ് പിഴപ്പലിശ ഒടുക്കേണ്ടി വന്നതെന്ന് തലശ്ശേരി നഗരസഭ അറിയിച്ചിട്ടുള്ളതിനാൽ തലശ്ശേരി നഗരസഭയുടെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 ലെ പരാമർശത്തിന് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം (2) പ്രകാരം ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. നഗരസഭാ കൗൺസിലിന്റെ 21/10/2017 ലെ 27-ാം നമ്പർ തീരുമാനം , നഗരകാര്യ ഡയറക്ടറുടെ ശുപാർശ, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ശുപാർശ എന്നിവ പരിഗണിച്ച്, കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയുടെ **2016-17** വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക **3.4** പ്രകാരം തടസ്സപ്പെടുത്തിയ **37,394/-** (മുപ്പത്തി ഏഴായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ജെയ്സി പോൾ**

**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, തലശ്ശേരി നഗരസഭ, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**